# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2449 18.12.2012- ൽ മറുപടിക്ക്

## സർക്കാർ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.മമ്മൂട്ടി | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.റ്റി.സി യ്ക്ക് കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിലും സഹകരണ സ്പിന്നിംഗ് മില്ലുകളിലും 2012 ഏപ്രിൽ മുതൽ 2012 നവംബർ വരെ അസംസ്കൃത വസ്തുവായ കോട്ടൺ, പോളിയസ്റ്റർ എന്നിവ വാങ്ങിയ പാർട്ടികളുടെ പേരു വിവരം വ്യക്തമാക്കുമോ; ഓരോ സ്പിന്നിംഗ് മില്ലും മാസം തോറും വാങ്ങിയ കോട്ടൺ/പോളിയസ്റ്റർ എന്നിവ ഏത് വ്യക്തിയിൽ നിന്നാണ്; ക്വാണ്ടിറ്റി, വെറൈറ്റി,റേറ്റ് പെർ കാൻഡി എന്നിവ തരം തിരിച്ച് വ്യക്തമാക്കുമോ; | (എ) | കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന് കീഴിലുള്ള മില്ലുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I-ലും ടെക്സ്ഫെഡിന് കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II-ലും ചേർത്തിട്ടുണ്ട്. |

<table>
<tr>
<td>(ബി)</td>
<td>സർക്കാർ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകൾ കോട്ടൺ യാൺ/പോളിയസ്റ്റർ യാൺ എന്നിവ വില്പന നടത്തുന്നത് ഏത് രീതിയിലാണ്; ഇവയുടെ മാർക്കറ്റ് വില അറിയുന്ന രീതി എങ്ങനെയാണ്; മാർക്കറ്റ് വില താരതമ്യം ചെയ്ത് വിൽപന നടത്താൻ അനുമതി നൽകുന്നത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കുമോ;</td>
<td>(ബി)</td>
<td>കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷനിൽ നിലവിലുള്ള രീതി അനുസരിച്ച്, മിൽ ജനറൽ മാനേജർമാർ (യൂണിറ്റ്-ഇൻ-ചാർജ്) കൂടി ഉൾക്കൊള്ളുന്ന 'സെയിൽസ് കമ്മിറ്റി'സമയാസമയങ്ങളിൽ (പത്തു ദിവസം കൂടുമ്പോൾ) നിശ്ചയിച്ചുറപ്പിക്കുന്ന വിലയ്ക്ക് കോട്ടൺയാൺ/പോളിയസ്റ്റർ യാൺ എന്നിവ വിറ്റു വരുന്നു. യാണിന്റെ ഗുണനിലവാരം, യാണിനെയും അസംസ്കൃതവസ്തുക്കളെയും സംബന്ധിച്ച് ലഭ്യമായിട്ടുള്ള പത്ര റിപ്പോർട്ടുകൾ, വ്യവസായവുമായി ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകൾ,സെയിൽസ് കമ്മിറ്റി അംഗങ്ങൾ ശേഖരിക്കുന്ന പ്രസക്ത വിവരങ്ങൾ, മുതലായവ വിലയിരുത്തിയാണ് വില നിശ്ചയിക്കുന്നത്. എന്നാൽ ടെക്സ്ഫെഡിന് കീഴിലുള്ള സ്പിന്നിംഗ് മില്ലുകളലിൽ വ്യത്യസ്ത രീതിയാണ് ഇക്കാര്യത്തിൽ അവലംബിക്കാറുള്ളത്. എങ്കിലും പൊതുവിൽ വ്യാപാര പ്രസിദ്ധികരണങ്ങളുടെയും ഇന്റർനെറ്റ് ഉൾപ്പെടെയുള്ള വിവരസാങ്കേതിക വിദ്യകളുടെയും അടിസ്ഥാനത്തിൽ വില നിലവാരം മനസ്സിലാക്കി, ഗുണമേൻമയുള്ള നൂൽ ഉല്പാദിപ്പിക്കുന്ന മറ്റു മില്ലുകളുമായി താരതമ്യം ചെയ്തും,ഡിപ്പോ ഏജന്റ് മുഖാന്തിരവും, നേരിട്ടും, സെയിൽസ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് വിലപേശിയുമാണ് വിൽപന നടത്തി വരുന്നത്.</td>
</tr>
<tr>
<td>(സി)</td>
<td>സർക്കാർ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകൾ കോട്ടൺ യാൺ/പോളിയസ്റ്റർ യാൺ എന്നിവ വിൽപ്പന നടത്തുന്നത് ഡിപ്പോ കീപ്പർ മുഖാന്തിരമാണ് എങ്കിൽ ഡിപ്പോ കീപ്പറുടെ പൂർണ്ണമായ മേൽവിലാസം നൽകുമോ; ഡിപ്പോ കീപ്പറുടെ എഗ്രിമെന്റ് കാലാവധി വ്യക്തമാക്കുമോ;</td>
<td>(സി)</td>
<td>സി) നിലവിൽ കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ മില്ലുകളിൽ ഡിപ്പോകീപ്പർ മുഖാന്തിരമല്ല യാൺ വിൽപ്പന നടത്തുന്നത്. എന്നാൽ ടെക്സ്ഫെഡിന് കീഴിലുള്ള സഹകരണ മില്ലുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><td>നം</td><td>സ്പിന്നിംഗ് മിൽ</td><td>ഡിപ്പോ കീപ്പറുടെ പൂർണമായ മേൽ വിലാസം<br>ഡിപ്പോ കീപ്പറുടെ എഗ്രിമെന്റ് കാലാവധി</td></tr>
<tr><td>1</td><td>കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ</td><td>Vaijubhai investments(P)Limited,<br>Plot No.187/4/1/2,<br>Sananthaan Textile Compound,<br>Village Surangi,<br>Near Surangi Bridge,<br>Sil vasa (D&N.H)Dhavpade.<br>എഗ്രിമെന്റ് കാലാവധി -21 ഏപ്രിൽ 2012 മുതൽ 21 ഏപ്രിൽ 2013 വരെ</td></tr>
<tr><td>2</td><td>ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ</td><td>Vaijubhai investments(P)Limited,<br>Plot No.187/4/1/2,<br>Sananthaan Textile Compound,<br>Village Surangi,<br>Near Surangi Bridge,<br>Sil vasa (D&N.H)Dhavpade.<br>29.07.12 മുതൽ ഒരു വർഷം.</td></tr>
</table>
</td>
</tr>
</table>

| | | |
|---|---|---|
| 3 | പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ, കോട്ടയം | 1.Sagar Dye Chem(P)Ltd.<br>2, Ho.Chi Minh Sarani,<br>Room No.5A,<br>Kolkatta -700 071.<br>2.Skill Sales Chem(P)Ltd., 2,Ho Chi Ming Sarani, Room No. 5A,<br>Kolkatta – 700 071.<br>ഒരു വർഷം കാലയളവില്ലുള്ള എഗ്രിമെന്റ് കാലാകാലങ്ങളിൽ പുതുക്കുകയാണ് ചെയ്തു വരുന്നത്. |
| 4 | തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, വാഴാനി,തൃശ്ശൂർ | ഡിപ്പോ കീപ്പർ മുഖാന്തിരം അല്ല. |
| 5 | കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ, ചൊവ്വ,കണ്ണൂർ | Saagar Enterprises, 99-103,<br>Mumba Devi Road,<br>4th flor,<br>Mumbai- 400 003<br>31.03.2015 വരെയാണ് എഗ്രിമെന്റ് കാലാവധി |
| 6 | മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, മലപ്പുറം | ഡിപ്പോ കീപ്പർ മുഖാന്തിരം അല്ല. |
| 7 | മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റയിൽസ് ലിമിറ്റഡ്, കുറ്റിപ്പുറം, മലപ്പുറം | Saagar Enterprises, 99-103,<br>Mumba Devi Road,<br>4th floor,<br>Mumbai- 400 003<br>നിലവിലെ ഡിപ്പോ എഗ്രിമെന്റ് കാലാലവധി 26.08.2012 മുതൽ ഒരു വർഷം. |

| | | | |
|---|---|---|---|
| (ഡി) | ഡിപ്പോ കീപ്പർമാരെ ആവശ്യമുണ്ടെന്നു കാണിച്ച് ടെൻഡർ വിളിക്കാറുണ്ടോ; ഓരോ സ്പിന്നിംഗ് മില്ലും അവസാനമായിഡിപ്പോ കീപ്പറെ ക്ഷണിച്ച് ടെൻഡർ വിളിച്ച തീയതി, ടെൻഡർ വിളിച്ച രീതി എന്നിവ വ്യക്തമാക്കുമോ; | (ഡി) | കെ.എസ്.റ്റി.സി യിൽ ഡിപ്പോ കീപ്പർ വഴിയുള്ള വിൽപ്പന നിലവിലില്ല എന്നാൽ ടെക്സ്ഫെഡിന് കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | സ്പിന്നിംഗ് മിൽ | ഡിപ്പോ കീപ്പറെ ക്ഷണിച്ച് ടെൻഡർ വിളിച്ച തീയതി, ടെൻഡർ വിളിച്ച രീതി |
|---|---|---|
| 1 | കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ | ഉണ്ട്. 1984-ൽ ആണ് അവസാനമായി ടെൻഡർ വിളിച്ചത്. കാലാകാലങ്ങളിൽ ടെൻഡർ പുതുക്കി കൊണ്ടിരിക്കുന്നു. പത്രമാധ്യമങ്ങളിൽ പരസ്യം ചെയ്താണ് ടെൻഡർവിളിക്കുന്നത്. |
| 2 | ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, | ഉണ്ട്. 18.06.2003-ലാണ് അവസാ ക്ഷണിച്ചത്. കാലാകാലങ്ങളിൽ ടെൻഡർ പുതുക്കികൊണ്ടിരിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | 3 | പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ | ഉണ്ട്. 07.08.2003 ലാണ് അവസാനമായി ടെൻഡർ ക്ഷണിച്ചതും കാലാകാലങ്ങളിൽ ടെൻഡർ പുതുക്കി കൊണ്ടിരിക്കുന്നു. |
| | | | 4 | തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, വാഴാനി,തൃശ്ശൂർ | ഡിപ്പോ കീപ്പർ മുഖാന്തിരം അല്ല. |
| | | | 5 | കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ, ചൊവ്വ,കണ്ണൂർ | 01.04.2012 ലാണ് അവസാനമായി ടെൻഡർ ക്ഷണിച്ചത്. സ്പിന്നിംഗ് മില്ലിലെ ബോർഡ് നിർദ്ദേശ പ്രകാരം നിലവിലുള്ള എഗ്രിമെന്റ് കാലാ കാലങ്ങളിൽ ടെൻഡർ പുതുക്കുകയാണ് ചെയ്തു വരുന്നത്. |
| | | | 6 | മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, മലപ്പുറം | ഡിപ്പോ കീപ്പർ മുഖാന്തിരം അല്ല. |
| | | | 7 | മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റയിൽസ് ലിമിറ്റഡ്, കുറ്റിപ്പുറം, മലപ്പുറം | 24.05.2006 ലാണ് അവസാനമായി ടെൻഡർ ക്ഷണിച്ചത്. നിലവിലുള്ള എഗ്രിമെന്റ് കാലാ കാലങ്ങളിൽ പുതുക്കുകയാണ് ചെയ്തു വരുന്നത്. പത്രമാധ്യമങ്ങളിൽ പരസ്യം ചെയ്താണ് ടെൻഡർ വിളിക്കുന്നത്. |
| (ഇ) | സർക്കാർ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകൾ കോട്ടൺ യാൺ/ പോളിയസ്റ്റർ യാൺ എന്നിവ വിൽപന നടത്തുന്നത് നേരിട്ടാണ് എങ്കിൽ 2012 ഏപ്രിൽ മുതൽ 2012 നവംബർ വരെ വാങ്ങിയ ഏജന്റ്/പാർട്ടി എന്നിവരുടെ പേരും വിലാസവും നൽകുമോ; | (ഇ) | കെ.എസ്.റ്റി.സിയുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ അനുബന്ധം III ആയും ടെക്സ്ഫെഡുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം IV ആയും ചേർത്തിരിക്കുന്നു. | | |

| | | | |
|---|---|---|---|
| (എഫ്) | സർക്കാർ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകൾ കോട്ടൺ യാൺ/ പോളിയസ്റ്റർ യാൺ എന്നിവ വിൽപന നടത്തുന്നതിന് കേന്ദ്രം/സംസ്ഥാന സർക്കാർ തലത്തിൽ ഏജൻസി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഏജൻസി കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എഫ്) | നിലവിലില്ല. എന്നാൽ കേന്ദ്ര സർക്കാർ സംരംഭമായ നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ (NHDC) എന്ന ഏജൻസി വഴി കഴിനൂൽ ഉത്പാദിപ്പിക്കുന്ന മില്ലുകളായ കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ, ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നീ മില്ലുകൾ കഴിനൂൽ വില്പന നടത്തുന്നുണ്ട്. |
| (ജി) | സർക്കാർ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്പിന്നിംഗ് മില്ലുകൾ ലാഭത്തിലാക്കുവാനും സംരക്ഷിക്കുവാനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കുമോ? | (ജി) | ഉണ്ട്. സ്പിന്നിംഗ് മില്ലുകൾക്ക് ലാഭത്തിലാക്കുന്നതിനും സംരക്ഷിക്കുന്നതിനും ആയി കാലാകാലങ്ങളിൽ സർക്കാർ വായ്പയിനത്തിൽ സാമ്പത്തിക സഹായം നൽകിവരുന്നു. ടെക്സ്റ്റയിൽസ് മേഖലയുടെ നവീകരണത്തിനായി 2012-13 ബജറ്റ് പ്രസംഗത്തിൽ 60 കോടിയുടെ ഒരു പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്